"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - മത്സ്യബോർഡ് അംഗങ്ങളുടെ വിരമിക്കൽ ആനുകൂല്യ വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്, ബോർഡിന്റെ കൈവശമുള്ള ആം-ആദ്മി ബീമാ യോജന പദ്ധതിയിലെ പലിശത്തുകയായ 59,69,839/- രൂപ കൂടി വിരമിക്കൽ പദ്ധതിയിൽ വിനിയോഗിക്കുന്നതിന് മത്സ്യബോർഡ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.215/2026/F&P    തീയതി,തിരുവനന്തപുരം, 11-03-2026

പരാമർശം:- 1. സ.ഉ.(സാധാ) നം.14/2026/F&P തീയതി, 07/01/2026.

2. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറുടെ 03/03/2026-ലെ കെ.എഫ്.ഡബ്ല്യൂ.എഫ്.ബി/217/2024-ബി നമ്പർ കത്ത്.

**ഉത്തരവ്**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം നടപ്പാക്കുന്നതിനും, തുക വിനിയോഗിക്കുന്നതിനും അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. മത്സ്യബോർഡിന്റെ 40 വർഷത്തെ പ്രവർത്തനക്കാലയളവിൽ ആദ്യമായി നടപ്പിലാക്കിയ വിരമിക്കൽ പദ്ധതിയിൽ ഇതുവരെ മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് സർക്കാർ ധനസഹായവും ബോർഡിന്റെ തനത് ഫണ്ടും ഉപയോഗിച്ച് 10,94,75,960/- രൂപ വിതരണം ചെയ്തിട്ടുണ്ടെന്ന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

2) ആം-ആദ്മി ബീമാ യോജന പദ്ധതിക്കായി അനുവദിച്ച 5.05 കോടി രൂപയുടെ പലിശയായി 59,69,839/- രൂപ തൃശൂർ സബ് ട്രഷറിയിലെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പരാമർശം (1) ഉത്തരവിൽ പലിശത്തുക വിനിയോഗം സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാൽ, ഈ തുക വിരമിക്കൽ പദ്ധതി പൂർത്തീകരണത്തിനായി ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് മത്സ്യബോർഡ് കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. മത്സ്യബോർഡ് അംഗങ്ങളുടെ വിരമിക്കൽ ആനുകൂല്യ വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്, ബോർഡിന്റെ കൈവശമുള്ള ആം-ആദ്മി ബീമാ യോജന പദ്ധതിയിലെ പലിശത്തുകയായ 59,69,839/- (അൻപത്തിഒന്പതു ലക്ഷത്തി അറുപത്തിഒൻപതിനായിരത്തി എണ്ണൂറ്റി മുപ്പത്തിഒന്പതു രൂപ) രൂപ കൂടി വിരമിക്കൽ പദ്ധതിയിൽ വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യു മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.സി3/148/2024/മതുവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
സെക്ഷൻ ഓഫീസർ
Date: 11-03-2026 14:36:20